പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1065

30.11.2018 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കാരാട്ട് റസാഖ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പ്രതിസന്ധി നേരിടുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ഭവന രഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന വീട് വച്ച് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിന് ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. "ഓൺ യുവർ ഓൺ" ഹൗസിംഗ് സ്കീം പ്രകാരം 400 സ്ക്വയർ ഫീറ്റോട് കൂടിയതും 2 കിടപ്പുമുറി, കിച്ചൺ, മൾട്ടി പർപ്പസ് ഹാൾ, ടോയ്ലറ്റ് എന്നീ സൗകര്യങ്ങളോട് കൂടിയ വീട്/അപ്പാർട്ട്മെന്റ് വച്ച് നൽകുന്നതിനുള്ള ശുപാർശ ഭവനം ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് മുഖേന തോട്ടം മേഖലയിൽ നടത്തിയ സർവ്വേയിൽ ഭവന രഹിതരും ഭൂരഹിതരുമായ 32,454 തൊഴിലാളികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ മൂന്നാറിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും 15 തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പ്രാഥമിക പരിശോധനകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇവർക്കുള്ള ആദ്യഘട്ട വീട് നിർമ്മാണം മൂന്ന് മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുന്നത് പ്രായോഗികമല്ലാത്ത ലയങ്ങളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) തോട്ടങ്ങളിലെ ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ | (സി) പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ |

| | |
|---|---|
| കെട്ടിടങ്ങളെ അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | എസ്റ്റേറ്റ് ലയങ്ങളിൽ നടത്തുന്ന പരിശോധനാവേളയിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതായവ കണ്ടെത്തുന്ന ഘട്ടങ്ങളിൽ നോട്ടീസ് നൽകി മാനേജ്മെന്റിനെ കൊണ്ട് അറ്റകുറ്റപ്പണികൾ ചെയ്യിക്കാറുണ്ട്. |
| ഡി) തോട്ടം തൊഴിലാളികൾക്കുള്ള ചികിത്സ സൗകര്യം മെച്ചപ്പെടുത്തുന്നതിന് തൊഴിലാളി കുടുംബങ്ങൾക്കായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) തോട്ടം തൊഴിലാളികൾക്കായി പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 1951-ലെ പ്ലാന്റേഷൻസ് ലേബർ ആക്ട് പ്രകാരം തൊഴിലാളികൾക്ക് മതിയായ ചികിത്സാ/ഹോസ്പിറ്റൽ സൗകര്യം തൊഴിലുടമകൾ ഒരുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

Sreelan

**സെക്ഷൻ ഓഫീസർ**